മുതലായ സ്ഥലങ്ങളിൽ നിന്നും ജില്ലാ ആസ്ഥാനത്തേക്ക് പോകാൻ ഒരു ബസുപോലും അനുവദിച്ചിട്ടില്ല. തിരുവല്ലയോടുള്ള കടുത്ത അവഗണന അവസാനിപ്പിക്കണം. കാൻസൽ ചെയ്ത എല്ലാ ഷെഡ്യൂളുകളും പുനരാരംഭിക്കണം. റിപ്പയറിംഗിനു കൊണ്ടുപോയിട്ടുള്ള ബസുകൾ തിരിച്ചു ലഭ്യമാക്കണം. പോരായ്മകൾ പരിഹരിക്കുവാൻ പുതിയ ബസുകൾ അനുവദിക്കണം. അങ്ങനെ തിരുവല്ലയിലെ പൊതുജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശത്തിനു സത്വരപരിഹാരം കാണണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതേ സബ്മിഷൻ കഴിഞ്ഞ അസംബ്ളിയിൽ 9-7-1985-ൽ അവതരിപ്പിച്ചതാണ്. അതിന് ഉറപ്പുകൾ നൽകിയെങ്കിലും അത് പാലിച്ചില്ല. അതിന് പരിഹാരം കണ്ടെത്തണം. ഇതിന് വെറുതെ മറുപടി കിട്ടിയതുകൊണ്ടുമാത്രം പ്രയോജനമില്ല. അതുകൊണ്ടു ഞാൻ മറുപടി പ്രതീക്ഷിക്കുന്നില്ല.

മി. സ്പീക്കർ : മെമ്പർമാർക്കു തോന്നുമ്പോൾ മറുപടി പറയിക്കാനും പറയിക്കാതിരിക്കാനും പറ്റുകയില്ല.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ടയറുകളുടേയും സ്പെയർപാർട്ടുകളുടേയും ദൗർലഭ്യം മൂലം എല്ലാ ബസുകളും സർവ്വീസിന് ലഭ്യമാക്കാൻ സാധിക്കാതെവന്നതുകൊണ്ട് തിരുവല്ലയിലും പരിസരപ്രദേശങ്ങളിലും യാത്രക്കാർക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ പ്രസ്തുത പ്രദേശത്തുള്ള യാത്രാക്ലേശം കണക്കിലെടുത്തുകൊണ്ട് കൂടുതൽ ബസുകൾ, ടയറുകൾ, സ്പെയർപാർട്ടുകൾ മുതലായവ അടിയന്തിരമായി നൽകുവാനും എല്ലാ ബസുകളും റോഡിലിറക്കി കൃത്യമായി സർവ്വീസ് നടത്താനും നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കെ.എസ്. ആർ.ടി. സി. യുടെ തിരുവല്ല ഡിപ്പോയിൽ ഇപ്പോൾ 62 ഷെഡ്യൂളുകളാണ് നിലവിലുള്ളത് നാലഞ്ചു ബസുകൾ അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിൽ കിടക്കുന്നതുകൊണ്ട് കൃത്യമായി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഡിപ്പോ ഒരു സബ്ഡിപ്പോ ആക്കുന്ന കാര്യം ഗവൺമെന്റോ കോർപ്പറേഷനോ പരിഗണിച്ചിട്ടില്ല. ഒരിക്കലും ഡിപ്പോ സബ് ഡിപ്പോ ആക്കുകയില്ല.

മി. സ്പീക്കർ : തിരുവല്ലായ്ക്ക് ശാപമോക്ഷം കിട്ടാനുള്ള നടപടികളായിട്ടുണ്ട്.

(6) നെയ്യാറിൻകരയിൽ ഇലക്ട്രിക്കൽ ഡിവിഷൻ ആഫീസ് സ്ഥാപിക്കണമെന്ന ആവശ്യം

10. AM.]

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, നെയ്യാറിൻകര താലൂക്കിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ സ്ഥാപിക്കണമെന്നുള്ള ജനങ്ങളുടെ ആഗ്രഹം സാധിച്ചുതരണമെന്ന് വകുപ്പു മന്ത്രിയോടപേക്ഷിക്കുവാൻ ഞാനീസന്ദർഭം വിനിയോഗിക്കുന്നു. കേരളസംസ്ഥാനത്തിന്റെ ഏറ്റവും തെക്കേയറ്റത്തുള്ള ഒരു താലൂക്കാണിത്. കരമന പാലം മുതൽ തമിഴ്നാടുവരെയും അറബ്യൻ സമുദ്രം മുതൽ സഹ്യാദ്രിവരെയും വ്യാപിച്ചു കിടക്കുന്ന ഒരു ഭൂപ്രദേശമാണിത്. ഇവിടെ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ സ്ഥാപിക്കണമെന്ന ആവശ്യം ജനങ്ങൾ ഉന്നയിച്ചത് 1968-ലാണ്. 1968-മുതൽ നാളിതുവരെയും വകുപ്പു മന്ത്രിമാർ ആദ്യമായി ഇനി അടുത്ത് സ്ഥാപിക്കുന്നത് നെയ്യാറിൻകര താലൂക്കിലായിരിക്കുമെന്ന് ഉറപ്പു തന്നിട്ടുണ്ട്. അതിനുശേഷം ഇവിടത്തെ ക്കാൾ വളരെക്കുറച്ച് ഉപഭോക്താക്കളുള്ള നെടുമങ്ങാട്ടും ആറ്റിങ്ങലിലും സ്ഥാപിച്ചു. നെയ്യാറിൻകരയിൽ ഇപ്പോൾ ഏതാണ്ട് 75,000 കൺസ്യൂമേഴ്സും 75,000 അപേക്ഷകരും ഉണ്ട്. ഇത്രയും ആളുകളുടെ സൗക

LIBRARY ARCHIVES Kerala Legislative Assembly

ര്യത്തെ പരിഗണിച്ചും അമ്പൂരി പ്രദേശത്തുള്ള ആളുകൾക്ക് നെടുമങ്ങാട് പോകുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ചും അടിയന്തിരമായി നെയ്യാറിൻകരതാലൂക്കിൽ ഒരു ഡിവിഷൻ ഓഫീസ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടതാണ്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി അവിടെ ഇരിപ്പുണ്ട്. ഞങ്ങൾ ഒരുമിച്ച് നിവേദനങ്ങൾ നടത്തിയിട്ടുള്ള സന്ദർഭങ്ങൾ ഞാനോർക്കുന്നു. അപ്പോഴൊക്കെ അടിയന്തിരമായി നെയ്യാറിൻകരയിൽ ഒരു ഡിവിഷൻ ഓഫീസ് സ്ഥാപിക്കുന്നതാണെന്ന് ഉറപ്പുതന്നിട്ടുണ്ട്. ഈ അടുത്തകാലത്ത് ഗവൺമെൻറ് തിരുവനന്തപുരം-2 എന്ന നിലയിൽ ഒരു ഡിവിഷൻ ഓഫീസു കൂടി തുടങ്ങാനായിട്ട് തീരുമാനമെടുത്തിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു ഡിവിഷൻ ഓഫീസ് ഇപ്പോൾത്തന്നെ പ്രവർത്തിക്കുന്നുണ്ട്. ആറ്റിങ്ങലിലും നെടുമങ്ങാട്ടുമുണ്ട്. എന്നാൽ നെയ്യാറിൻകര താലൂക്കിൽ ഡിവിഷൻ ഓഫീസ് ഇല്ല. അവിടെ 75,000 കൺസ്യൂമേഴ്സും 75;000 അപേക്ഷകരുമാണുള്ളത്. ഇത്രയും കൂടുതൽ അപേക്ഷകരുള്ള ഒരു പ്രദേശം പോലും കേരളത്തിൻെറ ഒരു ഭാഗത്തും കാണുകയില്ല. അങ്ങനെയുള്ള ഒരു സ്ഥലത്തെ ആളുകളുടെ ആവശ്യം പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു. ബാലരാമപുരം, വിഴിഞ്ഞം, പൂവച്ചൽ, പാറശാല, നെയ്യാറിൻകര, പേയാട്, കാട്ടാക്കട എന്നീ ഏഴ് മേജർ സെക്ഷൻ ഓഫീസുകളുണ്ട്. ഇത്രയും ഓഫീസുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുവേണ്ടിയും ആളുകൾ ഒരു നിസ്സാരാവശ്യത്തിന് പരിഹാരമുണ്ടാക്കണമെങ്കിൽ നെടുമങ്ങാട്ടുപോകണമെന്നുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടിയും. ഇപ്പോൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഡിവിഷൻ ഓഫീസ് നെയ്യാറിൻകരയിൽ തുടങ്ങുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, തിരുവനന്തപുരം സർക്കിളിൻെറ കീഴിൽ തിരുവനന്തപുരം, ആറ്റിങ്ങൽ, നെടുമങ്ങാട് എന്നീ മൂന്നു ഡിവിഷനുകളാണുള്ളത്. നാലാമതൊരു ഡിവിഷൻ രൂപീകരിക്കുന്ന കാര്യത്തെപ്പറ്റി തീരുമാനമായിട്ടില്ല. നാലാമതൊരു ഡിവിഷൻ അടിയന്തരമായി ആവശ്യമുണ്ടാകുന്നപക്ഷം അത് പരിശോധിക്കുന്ന സമയത്ത് തീർച്ചയായിട്ടും ഈ കാര്യം കൂടി ഇലക്ട്രിസിറ്റി ബോർഡ് പരിശോധിക്കാം. അന്ന് അതിൻമേൽ ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(7) ഏലക്കാ ഉല്പാദന വിപണന രംഗത്തുണ്ടായിട്ടുള്ള പ്രതിസന്ധി

ശ്രീ. കെ. കെ. തോമസ് : സർ, ഏലക്കായുടെ ഉല്പാദനമേഖലയിലും വിപണനരംഗത്തുമുണ്ടായിട്ടുള്ള ഗുരുതരമായ പ്രതിസന്ധി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഏലക്കായ്ക്ക് 130 രൂപയാണ് ഇപ്പോൾ വിലയുള്ളത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 300 രൂപയോളം വിലയുണ്ടായിരുന്നു. സെപ്റ്റംബർ ഒക്ടോബർ, ഡിസംബർ എന്നീ സീസൺ കാലങ്ങളിൽ 80 രൂപയും 90 രൂപയുമായിരുന്നു വില. ഏതാണ്ട് ഒരു കിലോഗ്രാം ഏലക്കായ് ഉല്പാദിപ്പിക്കുന്നതിന് 100-ഉം 125-ഉം രൂപവരെയാവും. ഉല്പാദനച്ചെലവും നേരിയലാഭവും കൃഷിക്കാർക്ക് ആശാവഹമായി കിട്ടുന്നതിനുവേണ്ടി 175 രൂപ വില ഉറപ്പുവരുത്തുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിക്കണം. അതുപോലെതന്നെ കൃഷിക്കാരിൽ നിന്ന് ഈടാക്കുന്ന കാർഷികാദായ നികുതിയെയും വില്പനനികുതിയെയും സംബന്ധിച്ച് നിരവധി മെമ്മോറാണ്ടങ്ങളും നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യവകുപ്പുമന്ത്രിക്കും കർഷക പ്രതിനിധികൾ നൽകിയിട്ടുണ്ട്. അശാസ്ത്രീയമായ നികുതി ഈടാക്കലിന് ഒരു മാറ്റം വരുത്തിക്കൊണ്ട് പുതിയ നികുതി സമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly